# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4451 20.10.2011 ൽ മറുപടിക്കുണ്ടായിരുന്നത്

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

| ചോദ്യം<br>ശ്രീ.ബി.സത്യൻ | | ഉത്തരം<br>ശ്രീ.ഉമ്മൻ ചാണ്ടി<br>(ബഹു.മുഖ്യമന്ത്രി) |
|---|---|---|
| (എ) റോഡപകടങ്ങളിലും മറ്റപകടങ്ങളിലും മരണപ്പെടുന്നവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ നിന്നും പരമാവധി എന്തു തുകയാണ് അനുവദിക്കുന്നത്; ഇത് ലഭിക്കാൻ ഏതെല്ലാം രേഖകളാണ് ഹാജരാക്കേണ്ടത്; വിശദമാക്കാമോ; | (എ) | ഉത്തരം നേരത്തെ നല്കിയിട്ടുണ്ട്. |
| (ബി) കല്ലമ്പലം മുതൽ മാമം വരെ ദേശീയപാതയിലും എം.സി.റോഡിൽ പൊരുന്തമണിലും ദൈനംദിനം സംഭവിക്കുന്ന റോഡപകടങ്ങൾ തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ? | (ബി) | കല്ലമ്പലം മുതൽ മാമം വരെ ദേശീയപാത ഉൾപ്പെടുന്ന മുക്കട മുതൽ ചെമ്പകമംഗലം വരെയുള്ള ദേശീയ പാതയിൽ അപകടങ്ങൾ കുറഞ്ഞു വരുന്നതായിട്ടാണ് കാണുന്നത്. അപകടസാദ്ധ്യത കൂടിയ മേഖലകളിൽ ആറ്റിങ്ങൽ റീജിണൽ ട്രാൻസ്പോർട്ട് ഓഫീസറും, അനുദ്യോഗസ്ഥരും നിരന്തരം വാഹനപരിശോധന നടത്തികൊണ്ടിരിക്കുന്നു. കല്ലമ്പലം-മാമം റോഡുൾപ്പെടുന്ന കൊല്ലം കോവളം ദേശീയപാത മാതൃക റോഡായി പ്രഖ്യാപിക്കുകയും അപകടരഹിതമാക്കാനുള്ള എല്ലാ നടപടികളും എടുക്കുന്നതിനും 2.27 കോടി രൂപ പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി കല്ലമ്പലം മാമം ഭാഗത്തും റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ നടത്തുന്നതാണ്. പ്രസ്തുത പ്രദേശം ഉൾപ്പെടുന്ന തെക്കൻ കേരളത്തിലെ 54 ബ്ലാക്ക് സ്പോട്ടുകളിൽ അപകടനിവാരണം നടത്തുന്നതിനായി 4.5 കോടി രൂപ പൊതുമരാമത്ത് വകുപ്പിന് റോഡ് സേഫ്റ്റി അതോറിറ്റി നൽകിയിട്ടുണ്ട്. കൂടാതെ ഈ പാതക്കിടയിൽ സ്ഥിതിചെയ്യുന്ന പൂവൻ പാറ സ്ഥലത്തെ റോഡുകളിൽ അടുത്ത കാലത്ത് നടന്ന അപകട |

നിവാരണത്തെ സംബന്ധിച്ച് പഠിച്ച് ആറ്റിങ്ങൽ ആർ.ടി.ഒ സമർപ്പിച്ച റിപ്പോർട്ടിന്മേൽ നടപടി സ്വീകരിക്കുവാൻ ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസിന് (ട്രാഫിക്) അതോറിറ്റി നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാന ത്തൊട്ടാകെ 1201-സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിന് 6.1 കോടി രൂപയും അതോറിറ്റി പൊതുമരാമത്ത് വകുപ്പിന് നൽകിയി ട്ടുണ്ട്. കല്ലമ്പലം മുതൽ മാമം വരെയും എം.സി. റോഡിലെ പൊരുന്തമണിലും കൂടുതൽ പോലീസിനേയും ട്രാഫിക് വാർഡൻ, ഹോം ഗാർഡ്, എന്നിവരെ ഡ്യൂട്ടിക്കായി നിയോഗിച്ചും വാഹനങ്ങളുടെ സ്പീഡ് നിയന്ത്രിക്കുന്നതിനായി സ്പീഡ് ബ്രേക്കറുകൾ സ്ഥാപിച്ചും പട്രോളിംഗ് ശക്ത മാക്കിയും സൈൻബോർഡുകൾ സ്ഥാപിച്ചും മദ്യപിച്ച് വാഹനം ഓടിക്കുന്നവരെ കണ്ടെത്തി നിയമ നടപടികൾ സ്വീകരിച്ചും അപകടങ്ങൾ തടയാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(സി) റോഡപകടങ്ങൾ ഒഴിവാക്കാൻ പ്രത്യേക ട്രാഫിക് പോലീസ് സംവിധാനവും റോഡ് സേഫ്റ്റി അതോറിറ്റിയുടെ സേവനവും ലഭ്യമാക്കാമോ?

ട്രാഫിക് നിയമലംഘനങ്ങൾ തടയാൻ കർശന വാഹന പരിശോധന നടത്തി നിയമലംഘനം നടത്തുന്ന കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സ്പീഡ് റാഡർ, ആൽക്കോമീറ്റർ മുതലായ ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ച് ഗതാഗത നിയമലംഘനം നടത്തുന്നവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. മോട്ടോർ വകുപ്പും പോലീസും ചേർന്ന് സെമിനാറുകൾ, സ്ലൈഡ് പ്രദർശനം, ലഘുലേഖ വിതരണം, ഡ്രൈവർമാരുടെ കാഴ്ച പരിശോധന, പൊതുജനങ്ങൾക്കും വിദ്യാർത്ഥി കൾക്കും ഡ്രൈവർമാർക്കും ബോധവൽക്കരണ ക്ലാസുകൾ എന്നിവ നടത്തുന്നുണ്ട്. കൂടാതെ ജില്ലയിൽ ജില്ലാ കളക്ടർ ചെയർമാനായും, ആർ.ടി.ഒ സെക്രട്ടറിയും, പോലീസും പൊതു മരാമത്ത് വകുപ്പും അംഗങ്ങളായും റോഡ് സേഫ്റ്റി അതോറിറ്റി രൂപീകരിച്ച് ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**